(സി) 1. സൗജന്യനിരക്കിൽ അത്യുൽപാദനശേഷിയുള്ള വിത്തു വിതരണം.
2. പൊതു ഞാറടി ഉണ്ടാക്കൽ.
3. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ സഹായം.
4. പമ്പിംഗ് സബ്സിഡി.
5. കീടനാശിനി വിതരണം.
6. സൗജന്യനിരക്കിൽ സ്പ്രെയർ വിതരണം.
7. വിള ഇൻഷ്വറൻസ് പദ്ധതി.
8. വളം സബ്സിഡി.

ഇതിനും പുറമെ കുറഞ്ഞപലിശക്ക് ഹ്രസ്വകാല വായ്പയും, വിത്തു കരുതൽ ശേഖരണത്തിൽനിന്നും കുറഞ്ഞ വിലയ്ക്ക് വിത്തും നൽകി വരുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭനഷ്ട കണക്കുകൾ

* 291. [349] ശ്രീ. കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, തെന്നല ജി. ബാലകൃഷ്ണ പിള്ള :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ചതുമുതൽ 1985 മാർച്ച് 31 വരെയുള്ള ലാഭനഷ്ട കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രസ്തുത കോർപ്പറേഷന് സബ്സിഡി നൽകിവരുന്നുണ്ടോ ;

(സി) കോർപ്പറേഷന്റെ കീഴിൽ എത്ര ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട് ; ഈ ഡിപ്പോകളിലുള്ള ഉപഭോക്തൃ സാധനങ്ങളിൽ പലതും അശ്രദ്ധമൂലം നശിച്ചുപോകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ)

(എ) 1980-81 വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† 1981-82 മുതൽ ഉള്ള കണക്കുകൾ ആഡിറ്റ് ചെയ്തു ലാഭമോ നഷ്ടമോ എന്ന് തിട്ടപ്പെടുത്തുന്നതേയുള്ളു.

(ബി) ഉണ്ട്.

(സി) ഇപ്പോൾ 63 ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിപ്പോകളിൽ ഉള്ള ഉപഭോക്തൃ സാധനങ്ങൾ ഏതെങ്കിലും അശ്രദ്ധമൂലം നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 291 (349) കാണുക

സിവിൽ സപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ചതു മുതലുള്ള ലാഭ-നഷ്ടക്കണക്കുകൾ താഴെ ചേർക്കുന്നു

വർഷം	ലാഭം	നഷ്ടം
1974-75	4,36,037.00	..
1975-76	5,43,014.08	..
1976-77	..	24,967.11
1977-78	..	1,34,38,666.55
1978-79	..	36,13,914.90
1979-80	..	12,34,823.82
1980-81	73,11,495.16	..

അനുബന്ധം II

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 304 (363) കാണുക

24-2-1985-നു ശേഷം പുതിയ മജിസ്ട്രേറ്റ് കോടതികൾ തുറക്കാൻ ഹൈക്കോടതി ശുപാർശ ചെയ്തിട്ടുള്ള സ്ഥലങ്ങൾ

1.	തിരുവനന്തപുരം	—	അഡീഷണൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി
2.	കോഴിക്കോട്	—	രണ്ടാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി
3.	റാന്നി	—	ഒന്നാം ക്ലാസ് ,, ,,
4.	വടക്കാഞ്ചേരി		,, ,, ,,
5.	ഇടുക്കി	—	രണ്ടാം ക്ലാസ് ,, ,,
6.	മട്ടന്നൂർ	—	ഒന്നാം ക്ലാസ് ,, ,,
7.	പത്തനംതിട്ട	—	ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി
8.	പാലക്കാട്	—	രണ്ടാം ക്ലാസ് ,, ,,
9.	വയനാട്	—	ചീഫ് ജുഡീഷ്യൽ ,, ,,
10.	കുട്ടനാട്	—	ഒന്നാം ക്ലാസ് ,, ,,
11.	നെടുങ്കണ്ടം	—	രണ്ടാം ക്ലാസ് ,, ,,
12.	നാദാപുരം	—	ഒന്നാം ക്ലാസ് ,, ,,
13.	കാസർകോട്	—	ചീഫ് ജുഡീഷ്യൽ ,, ,,
14.	കോലഞ്ചേരി	—	ഒന്നാം ക്ലാസ് ,, ,,
15.	ഈരാറ്റുപേട്ട	—	ഒന്നാം ക്ലാസ് ,, ,,
16.	ശ്രീകണ്ഠാപുരം	—	മുൻസിഫ് മജിസ്ട്രേറ്റ് കോടതി

ഇതു കൂടാതെ താഴെ പറയുന്ന രണ്ടാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റു കോടതിയായി ഉയർത്താൻ ശുപാർശ ചെയ്തിരുന്നു.

1. കാട്ടാക്കട (അനുവദിച്ചില്ല)
2. നിലമ്പൂർ ,,
3. ചിറ്റൂർ (അനുവദിച്ചു)
4. മലപ്പുറം ,,
5. പയ്യന്നൂർ ,,
6. തിരുവല്ല ,,

LIBRARY ARCHIVES Kerala Legislative Assembly